പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 462 **13-10-2026-ൽ മറുപടിയ്ക്ക്**

ജയിലുകളിലെ ഓവർ ക്രൗഡിങ്ങ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. രാമചന്ദ്രൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ജയിലുകളിലെ ഓവർ ക്രൗഡിങ് സംബന്ധിച്ചും അത് പരിഹരിച്ച് ജയിലുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും പരിശോധിക്കുന്നതിന് 04.02.2025 തീയതിയിൽ മുഖ്യമന്ത്രി തലത്തിൽ വിളിച്ചുചേർത്ത ഉന്നതതല യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കാമോ;

മറുപടി: 04.02.2025 തീയതിയിൽ മുഖ്യമന്ത്രി തലത്തിൽ വിളിച്ച ചേർത്ത ഉന്നതതല യോഗത്തിൽ എടുത്ത തീരുമാനങ്ങളും പ്രസ്തുത യോഗത്തിന്റെ മിനിട്സും **അനുബന്ധം - I** ആയി ചേർക്കുന്നു.

(ബി) പ്രസ്തുത തീരുമാനങ്ങളിൽ നാളിതുവരെ നടപ്പാക്കിയിട്ടുള്ളവ ഏതൊക്കെയെന്ന് വിശദീകരിക്കാമോ; പ്രസ്തുത തീരുമാനങ്ങളിൽ ഇനിയും നടപ്പാക്കാത്തവ അടിയന്തരമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

മറുപടി: **അനുബന്ധം II** ആയി ചേർക്കുന്നു.

(സി) സംസ്ഥാനത്തെ ജയിലുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ?

മറുപടി: കേരളത്തിലെ ജയിലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തടവുകാരുടെ ജീവിതസാഹചര്യങ്ങൾ ഉയർത്തുന്നതിനും ജയിൽ സുരക്ഷ ശക്തിപ്പെടുത്തുന്നതിനും സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. ജയിലുകളുടെ ആധുനികവൽക്കരണം, പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം, ആരോഗ്യപരിചരണം, ശുചിത്വം, തടവുകാരുടെ പുനരധിവാസം എന്നിവയ്ക്കാണ് പ്രധാന ഊന്നൽ. 2026-27-ലെ ബജറ്റിൽ ജയിലുകളുടെ ആധുനികവൽക്കരണത്തിനായി 47 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിലുള്ള ജയിലുകളിലെ തിരക്ക് കുറയ്ക്കാൻ പുതിയ ജയിലുകൾ സ്ഥാപിക്കുക, ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിരീക്ഷണ സംവിധാനങ്ങൾ ഒരുക്കുക, അടിസ്ഥാന സൗകര്യങ്ങളും തടവുകാരുടെ ക്ഷേമപദ്ധതികളും മെച്ചപ്പെടുത്തുക എന്നിവയാണ് ബജറ്റിൽ വ്യക്തമാക്കിയിട്ടുള്ളത്. ആധുനിക സുരക്ഷാ ഉപകരണങ്ങൾ, കൂടുതൽ സുരക്ഷിതമായ പ്രവേശന കവാടങ്ങൾ, ചുറ്റുമതിലുകളിലെ സുരക്ഷാ സംവിധാനങ്ങൾ എന്നിവയും ഉൾപ്പെടുന്നു. കേരളത്തിലെ ജയിലുകളിലെ സൗകര്യ വികസനത്തിനായി സർക്കാർ മുന്നോട്ടുവയ്ക്കുന്ന പ്രധാന കാര്യങ്ങൾ പുതിയ ജയിലുകളും ജയിൽ കെട്ടിടങ്ങളും നിർമിക്കുക, CCTV

ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, ആശുപത്രി, മാനസികാരോഗ്യ ചികിത്സ, ശുചിത്വം എന്നിവ മെച്ചപ്പെടുത്തുക, സൗരോർജം, മഴവെള്ള സംഭരണം തുടങ്ങിയ പരിസ്ഥിതി സൗഹൃദ സംവിധാനങ്ങൾ വികസിപ്പിക്കുക, തടവുകാർക്ക് വിദ്യാഭ്യാസവും തൊഴിൽപരിശീലനവും പുനരധിവാസ സഹായവും നൽകുക, ജയിലുകളിലെ അമിതമായ തിരക്ക് കുറയ്ക്കുക എന്നിവയാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം - I

രാജ്യത്തെ ജയിലുകളിലെ തടവുകാരുടെ മനുഷ്യത്വരഹിതമായ അവസ്ഥ സംബന്ധിച്ച് ഭരണഘടനയുടെ അനുഛേദം 32 പ്രകാരം ബഹു.സുപ്രീംകോടതി എടുത്ത suo motu WP(C)No.406/13 കേസിൽ പരാമർശിക്കപ്പെട്ടിട്ടുള്ള 'overcrowding in jails' എന്ന പ്രശ്നത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 2025 ഫെബ്രുവരി 4-ന് വൈകുന്നേരം 4.30-ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഓൺലൈനായി ചേർന്ന യോഗത്തിന്റെ മിനിട്ട്സ്

വൈകുന്നേരം 04.30ന് യോഗം ആരംഭിച്ചു. യോഗത്തിൽ സന്നിഹിതരായിരുന്നവരെ ബഹു.മുഖ്യമന്ത്രി സ്വാഗതം ചെയ്തു.

2. തുടർന്ന് അഡീഷണൽ ചീഫ് സെക്രട്ടറി യോഗം വിളിച്ചുചേർക്കാനിടയായ സാഹചര്യം വിശദീകരിച്ചു. ജയിലുകളുടെ നിലവിലെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനായി വിവിധവിഷയങ്ങൾ ബഹു.സുപ്രീംകോടതി പരിഗണിയ്ക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ പരിഗണിച്ചുകൊണ്ടിരിക്കുന്ന പരമപ്രധാനമായ വിഷയം ജയിലുകളിലെ over crowding കുറയ്ക്കുക എന്നതാണ്. നിലവിൽ ജയിലുകളിലുള്ള തടവുകാരുടെ എണ്ണവും, ജയിലുകളുടെ പാർപ്പിടശേഷിയും സംബന്ധിച്ച വിവരങ്ങൾ ബഹു.കോടതി ശേഖരിക്കുകയും പല ജയിലുകളിലും 40%-50% വരെ over crowding ഉള്ളതായി കണ്ടെത്തുകയും ചെയ്തു. പാർപ്പിടശേഷി, നിലവിലെ തടവുകാരുടെ എണ്ണം, ഭാവിയിലെ ആവശ്യകത എന്നിവ പരിഗണിച്ച് വിഷയം സമഗ്രമായി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും ചുവടെപ്പറയുന്ന ഘടനയിൽ സമിതികൾ രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്:

1) ജില്ലാ ജഡ്ജി (ഡിസ്ട്രിക്ട് ലീഗൽ സർവീസസ് അതോറിറ്റിയുടെ ചെയർപേഴ്സൺ)

2) ജില്ലാ മജിസ്ട്രേറ്റ് (Administrative Head on Executive Side)

3) പോലീസ് സൂപ്രണ്ട്

4) സെക്രട്ടറി, ഡിസ്ട്രിക്ട് ലീഗൽ സർവീസസ് അതോറിറ്റി

ബഹു. കോടതിയുടെ നിർദ്ദേശപ്രകാരം എല്ലാ ജില്ലകളിലും സമിതികൾ യോഗം ചേരുകയും അവ മുന്നോട്ടുവച്ച ശിപാർശകൾ കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റി (KELSA) ക്രോഡീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. Over crowding കുറയ്ക്കുന്നതിന് എല്ലാ ജില്ലകളിലും പുതിയ ജയിലുകൾ നിർമ്മിക്കുക എന്ന ശിപാർശയാണ് ലഭിച്ചിട്ടുള്ളത്. സമിതി നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണെന്ന് അഫിഡവിറ്റുകൾ മുഖേന ബഹു.കോടതിയെ അറിയിക്കുകയുണ്ടായി. ജയിലുകളിലെ ക്രമാതീതമായ തിരക്ക് കുറയ്ക്കുന്നതിനുള്ള ശാശ്വതപരിഹാരം പുതിയ ജയിലുകൾ നിർമിക്കുക എന്നതാണെങ്കിലും സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും താത്കാലിക ജീവനക്കാരെ നിയമിച്ചും നിലവിലുള്ള ജയിലുകളിൽ കൂടുതൽ തടവുകാരെ പാർപ്പിക്കുന്നതിലൂടെ തിരക്ക് ഒരു പരിധി വരെ കുറയ്ക്കാനാവുമെന്നും ഇതിനായുള്ള ക്രിയാത്മകനിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പദ്ധതി തയ്യാറാക്കി സമിതി രൂപീകരിച്ച്

File No. KPCS/[illegible] (Computer No. 206133)
Generated from eOffice by Sunil Kumar C P , P4 PRHQ KPCS, P4 PRHQ KPCS, KERALA PRISONS on 09/10/2026 04:55 PM

പരിശോധിക്കാവുന്നതാണെന്നും ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

3. തുടർന്ന് സംസാരിച്ച ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, ഓവർ ക്രൗഡിംഗ് കുറയ്ക്കുന്നതിന്റെ ഭാഗമായി പല ഘട്ടങ്ങളിലായി നടപ്പിലാക്കാൻ സാധിക്കുന്ന തരത്തിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്ന് അറിയിച്ചു. ദീർഘകാലപദ്ധതിയായി പുതിയ ജയിലുകളുടെ നിർമ്മാണം പരിഗണിക്കാവുന്നതാണ്. ഹ്രസ്വകാലപദ്ധതി എന്ന നിലയ്ക്ക് ഉടൻ സ്വീകരിക്കാവുന്ന ചില നടപടികളെക്കുറിച്ച് അദ്ദേഹം സംക്ഷിപ്തമായി പറഞ്ഞു. തിരക്ക് കുറവുള്ള ജയിലുകളിൽ നിന്നും തടവുകാരെ മാറ്റിപ്പാർപ്പിക്കുക, നിലവിലുള്ള ജയിലുകളിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൂടുതൽ തടവുകാരെ പാർപ്പിക്കുക, ജീവനക്കാർ കുറവുള്ള ഇടങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുക, KEXCON പോലുള്ള സ്ഥാപനങ്ങളിൽ നിന്നും താത്കാലികജീവനക്കാരെ നിയമിക്കുക എന്നിങ്ങനെയുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ഡയറക്ടർ ജനറൽ അറിയിച്ചു. ഈ നിർദേശങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള വിശദമായ പദ്ധതിരേഖ ഉടൻ സമർപ്പിക്കുന്നതാണെന്നും അദ്ദേഹം അറിയിച്ചു.

4 . അറസ്റ്റ് ചെയ്ത് ജയിലിലേക്ക് വിടുന്നവരുടെ എണ്ണം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ, ജയിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് ആവശ്യമാണെന്ന് സംസ്ഥാന പോലീസ് മേധാവി അഭിപ്രായപ്പെട്ടു. കൂടാതെ KEXCON ൽ നിന്നും ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ എടുക്കുന്നതിനുപകരം, പരിശീലനം ലഭിച്ച SISF പോലീസുകാരെ ജയിലുകളിൽ വിന്യസിക്കുന്നത് ഉചിതമായിരിക്കുമെന്ന് അദ്ദേഹം അറിയിച്ചു.

5. ആവശ്യമായ എണ്ണം താത്കാലികജീവനക്കാരെ നിയമിക്കുന്ന കാര്യത്തിൽ ധനകാര്യവകുപ്പിന്റെ അനുകൂലനിലപാട് ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

6. തുടർന്ന് സംസാരിച്ച ബഹു.മുഖ്യമന്ത്രി, തസ്തിക സൃഷ്ടിക്കുന്നതിലൂടെ ഉണ്ടാകുന്ന അധികസാമ്പത്തികബാധ്യത കുറയ്ക്കുവാൻ താത്കാലിക നിയമനങ്ങൾ സഹായകമാകുമെങ്കിലും, സുരക്ഷ, അച്ചടക്കം മുതലായ ഘടകങ്ങൾക്ക് മുൻഗണന നൽകി മാത്രമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ എന്ന കാര്യം ഓർമിപ്പിച്ചു. ജയിൽ ഡി. ജി. കാര്യങ്ങൾ കൃത്യമായി പരിശോധിക്കുന്നുണ്ടെങ്കിലും ഈ വിഷയത്തിൽ ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു പരിശോധനാസംവിധാനം രൂപീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് ബഹു.മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. ഇതിൽ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയേയും, ജയിൽ ഡി ജിയെയും ഉൾപ്പെടുത്തേണ്ടതും എല്ലാ ജയിലുകളും സന്ദർശിച്ച് 3 മാസത്തിനകം ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. യോഗത്തിൽ ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ താത്കാലിക നടപടികളിലൂടെ ജയിലുകളിലെ അന്തേവാസികളുടെ പാർപ്പിടസൗകര്യം

File No. KPCS/8282/2025-P4 (Computer No. 306333)
Generated from eOffice by Sunil Kumar C P . P4 PRHQ KPCS. P4 PRHQ KPCS. KERALA PRISONS on 09/10/2026 01:05 PM

വർധിപ്പിക്കാവുന്നതാണ്. എല്ലാ കാര്യങ്ങളിലും പ്രിസൺ ഡെവലപ്മെന്റ് ഫണ്ട് ഉപയോഗിക്കുന്നത് ഉചിതമാകില്ല. അവശ്യം കാര്യങ്ങൾക്ക് മാത്രം ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാവുന്നതും, അല്ലാത്തവയ്ക്ക് വിഷയത്തിന്റെ അടിയന്തരപ്രാധാന്യം കണക്കിലെടുത്ത് സർക്കാർ തലത്തിൽ തുക വകയിരുത്തേണ്ടത് ആവശ്യമാണെന്ന് ബഹു.മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. തുടർന്ന് ജയിലുകളിലെ ക്രമാതീതതിരക്ക് ഒഴിവാക്കുന്നതിന് തല്ക്കാലം സ്വീകരിക്കാവുന്ന പരിഹാരമാർഗങ്ങളെക്കുറിച്ച് ബഹു.മുഖ്യമന്ത്രി വിശദീകരിച്ചു. ചർച്ചയുടെയും, മുഖ്യമന്ത്രി മുന്നോട്ടുവച്ച നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ ചുവടെചേർക്കുന്നു:

തീരുമാനങ്ങൾ

1. ജയിൽ എന്നത് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ട മേഖലയായതിനാൽ സുരക്ഷ, അച്ചടക്കം, മറ്റ് ഉത്തരവാദിത്തങ്ങൾ എന്നിവ പൂർണ്ണമായും പാലിക്കാൻ കഴിയുന്ന തരത്തിൽ ഒരു നിശ്ചിത അനുപാതത്തിൽ മാത്രമേ താല്ക്കാലികജീവനക്കാരെ ഉപയോഗിക്കുവാൻ പാടുള്ളൂ. (നടപടി- ജയിൽ ഡയറക്ടർ ജനറൽ, ആഭ്യന്തര (ബി) വകുപ്പ്)

2. ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ, ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ജയിൽ മേധാവി എന്നിവർ അടങ്ങുന്ന ഉന്നതതലസമിതി രൂപീകരിക്കേണ്ടതാണ്. ജയിലുകൾ സന്ദർശിച്ച് പരിശോധിച്ച് അപര്യാപ്തതകൾ കണ്ടെത്തി ആയത് സംബന്ധിച്ച പൊതുവായ ഒരു റിപ്പോർട്ട് സമിതി മൂന്ന് മാസത്തിനുള്ളിൽ സമർപ്പിക്കണം. (നടപടി- ജയിൽ ഡയറക്ടർ ജനറൽ, ആഭ്യന്തര (ബി) വകുപ്പ്)

3. ജയിൽ മേധാവി നിർദ്ദേശിച്ച അറ്റകുറ്റപണികൾ നടത്തി നിലവിലുള്ള സൗകര്യം വർദ്ധിപ്പിച്ച് കൂടുതൽ തടവുകാരെ ഉൾക്കൊള്ളുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണം. (നടപടി- ജയിൽ ഡയറക്ടർ ജനറൽ)

4. ഉപയോഗശൂന്യമായ സെല്ലുകൾ കണ്ടെത്തി വാസയോഗ്യമാക്കി തടവുകാരെ അതിൽ ഉൾക്കൊള്ളിക്കണം. (നടപടി- ജയിൽ ഡയറക്ടർ ജനറൽ)

5. എല്ലാ കാര്യങ്ങളിലും പ്രിസൺ ഡെവലപ്മെന്റ് ഫണ്ട് ഉപയോഗിക്കുന്നത് ഉചിതമാകില്ല. അവശ്യം കാര്യങ്ങൾക്ക് മാത്രം ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാവുന്നതും, അല്ലാത്തവയ്ക്ക് വിഷയത്തിന്റെ അടിയന്തരപ്രാധാന്യം കണക്കിലെടുത്ത് സർക്കാർ തലത്തിൽ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. (നടപടി- ജയിൽ ഡയറക്ടർ ജനറൽ, ആഭ്യന്തര (ബി) വകുപ്പ്)

6. തിരുവനന്തപുരം സെൻട്രൽ പ്രിസണിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജപദ്ധതിയുമായി ബന്ധപ്പെട്ട സാമഗ്രികൾ സൂക്ഷിച്ചിട്ടുള്ള 11-ാം ബ്ലോക്കിൽ നിന്ന് അവ മാറ്റി ബ്ലോക്കിൽ അറ്റകുറ്റപണി നടത്തിയാൽ അവിടെ അധികമായി 30 ഓളം തടവുകാരെ പാർപ്പിക്കാൻ കഴിയും. 12 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് മാത്രമാണ് ഇതിന് ആവശ്യമെന്ന് PWD അറിയിച്ചിട്ടുണ്ട്. അതിനാൽ അത്തരം നടപടികൾ വേഗത്തിൽ പൂർത്തിയാക്കണം.

File No. KPCS/8242/2025-P4 (Computer No. 206333)
Generated from eOffice by Sunil Kumar C P , P4 PRHQ KPCS, P4 PRHQ KPCS, KERALA PRISONS on 09/10/2026 04:05 PM

(നടപടി- ജയിൽ ഡയറക്ടർ ജനറൽ, ആഭ്യന്തര (ബി) വകുപ്പ്)

7. പൂജപ്പുര സ്പെഷ്യൽ സബ് ജയിലിൽ 28 തടവുകാരെ പാർപ്പിക്കാൻ കഴിയുന്ന ട്രാൻസ്ജെൻഡർ ബ്ലോക്ക് നിർമ്മാണം 2024 ഏപ്രിലിൽ പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും ശ്രദ്ധവായുവിന്റെ ലഭ്യത കുറവ് മൂലം അവ താമസയോഗ്യമല്ല. ഇതിന്റെ നിർമ്മാണചുമതല PWD വകുപ്പിന് ആയതിനാൽ അവരെ തന്നെ ചുമതലപ്പെടുത്തി വായുസഞ്ചാരം ഉറപ്പ് വരുത്തി ഉപയോഗപ്രദമാക്കണം. (നടപടി- പൊതുമരാമത്ത് വകുപ്പ്/ജയിൽ ഡയറക്ടർ ജനറൽ)

8. ആലപ്പുഴ ജില്ലാ ജയിലിന്റെ സമീപത്ത് പോലീസ് വകുപ്പിൽ നിന്നും ലഭ്യമായ സ്ഥലത്ത് നിർമ്മിച്ചിരിക്കുന്ന ഇരുനില കെട്ടിടത്തിലാണ് ജില്ലാ ജയിൽ പ്രവർത്തിക്കുന്നത്. പഴയ കെട്ടിടത്തിന്റെ നവീകരണം പൂർത്തിയാക്കിയാൽ 100 തടവുകാരെ പാർപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള സ്പെഷ്യൽ സബ് ജയിൽ പ്രവർത്തിപ്പിക്കാൻ കഴിയും. ഇതിന് വേണ്ട നടപടികൾ അടിയന്തരമായി കൈക്കൊള്ളേണ്ടതാണ്. (നടപടി- ജയിൽ ഡയറക്ടർ ജനറൽ)

9. ഓരോ ജയിലുകളിലും ഭക്ഷണസാധനങ്ങൾ സൂക്ഷിച്ചിരിക്കുന്നത് ബാരക്കുകളിൽ നിലത്താണ്. റാക്കുകളോ മറ്റു സംവിധാനങ്ങളോ ഉണ്ടാക്കി അത്തരം സ്ഥലം ഉപയോഗയുക്തമാക്കണം. (നടപടി- ജയിൽ ഡയറക്ടർ ജനറൽ)

10. ഇപ്പോൾ പുരുക്കളെ സൂക്ഷിച്ചിരിക്കുന്ന കണ്ണൂർ സെൻട്രൽ പ്രസണിലെ 7-ാം ബ്ലോക്ക് വൃത്തിയാക്കി മാറ്റിയെടുത്ത് കൂടുതൽ തടവുകാരെ പാർപ്പിക്കുന്നതിനുള്ള സൗകര്യം ഒരുക്കണം. (നടപടി- ജയിൽ ഡയറക്ടർ ജനറൽ)

11. overcrowding ഉള്ള ജയിലുകളിൽ നിന്നും പാർപ്പിടശേഷിയ്ക്ക് അനുസൃതമായ എണ്ണം തടവുകാരെ പാർപ്പിച്ചിട്ടില്ലാത്ത ജയിലുകളിലേക്ക് തടവുകാരെ മാറ്റി പാർപ്പിക്കാവുന്നതാണ്. ഇതിനായുള്ള നിർദ്ദേശം ജയിൽ ഡയറക്ടർ സമർപ്പിക്കേണ്ടതും മേൽ സമിതി പരിശോധിക്കേണ്ടതുമാണ്. (നടപടി- ജയിൽ ഡയറക്ടർ ജനറൽ)

12. തിരുവനന്തപുരം അട്ടക്കുളങ്ങര വനിതാ ജയിലിൽ പാർപ്പിടശേഷിയേക്കാൾ തടവുകാർ കുറവാണ്. ഇവിടെയുള്ള വനിതാ തടവുകാരെ സെൻട്രൽ ജയിലിലെ പഴയ ഫീമെയിൽ ബ്ലോക്കിലേക്ക് മാറ്റി പാർപ്പിക്കാവുന്നതും സെൻട്രൽ ജയിലിൽ നിന്നും തുല്യമായ എണ്ണം പുരുഷതടവുകാരെ തിരിച്ചും മാറ്റിപ്പാർപ്പിക്കാവുന്നതുമാണ്. (നടപടി- ജയിൽ ഡയറക്ടർ ജനറൽ)

13. നിർമ്മാണപ്രവൃത്തികൾ നടക്കുന്ന ജയിലുകളിൽ സമയക്രമം നിശ്ചയിച്ച് അടിയന്തരമായി പൂർത്തിയാക്കണം. ജയിൽ നിർമാണത്തിന് സ്ഥലം ആവശ്യമായ ഇടങ്ങളിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജയിൽ ഡയറക്ടർ ജനറൽ ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് ത്വരിതപ്പെടുത്തണം. (നടപടി- ജയിൽ ഡയറക്ടർ ജനറൽ, ആഭ്യന്തര (ബി)

File No. KPCS-[illegible] (Computer No. 2061333)

Generated from eOffice by Sunil Kumar C P , P4 PRHQ KPCS, P4 PRHQ KPCS, KERALA PRISONS on 09/10/2026 01:05 PM

വകുപ്പ്)

14. വിയ്യൂർ ഹൈസെക്യൂരിറ്റി പ്രിസൺ, തവന്നൂർ സെൻട്രൽ പ്രിസൺ, ഇടുക്കിയിലെ മുട്ടം ജില്ലാ ജയിൽ എന്നിവിടങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടെങ്കിലും ജീവനക്കാരുടെ ദൗർലഭ്യം കാരണം കൂടുതൽ തടവുകാരെ പാർപ്പിക്കാൻ കഴിയാത്ത സാഹചര്യം നേരിടുന്നതായി കാണുന്നു. അത്തരം സ്ഥലങ്ങളിൽ അധിക ജീവനക്കാരെ നിയമിക്കുന്ന കാര്യം ഇതിനായുള്ള നിർദ്ദേശം ജയിൽ ഡയറക്ടർ സമർപ്പിക്കേണ്ടതും മേൽ സമിതി പരിശോധിക്കേണ്ടതുമാണ്. (നടപടി- ജയിൽ ഡയറക്ടർ ജനറൽ)

15. വിയ്യൂർ ഹൈസെക്യൂരിറ്റി പ്രിസണിന്റെ പ്രവർത്തനം സംബന്ധിച്ച ചട്ടം നിലവിൽ ഇല്ലാത്തതിനാൽ പുതിയ ചട്ടം നിലവിൽ വരുന്നത് വരെ സെൻട്രൽ പ്രസണുകൾക്ക് ബാധകമായ ചട്ടം ഈ ജയിലിനും ബാധകമാക്കാവുന്നതാണ്. (നടപടി- ജയിൽ ഡയറക്ടർ ജനറൽ)

16. വിയ്യൂരിനും തിരുവനന്തപുരത്തിനും ഇടയ്ക്ക് വലിയ ജയിൽ ഒന്നും തന്നെ ഇല്ലാത്തതിനാൽ അനുയോജ്യമായ സ്ഥലത്ത് പുതിയ സെൻട്രൽ പ്രിസൺ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉടൻ തന്നെ സ്വീകരിക്കണം. ഇതിനായി സ്ഥലം കണ്ടെത്തുന്നതിന് ജില്ലാ കളക്ടർമാരുമായി ആലോചിച്ച് വേഗത്തിൽ നടപടി സ്വീകരിക്കണം. (നടപടി- ജയിൽ ഡയറക്ടർ ജനറൽ)

17. KEXCON-ൽ നിന്നും ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ എടുക്കുന്നതിനു പകരം പരിശീലനം ലഭിച്ച SISF പോലീസുകാരെ ജയിലിൽ എടുക്കുന്നത് ഉചിതമായിരിക്കുമെന്ന സംസ്ഥാന പോലീസ് മേധാവിയുടെ അഭിപ്രായം സമിതി പരിശോധിക്കണം. സംസ്ഥാനപോലീസ് മേധാവിയുമായി ചർച്ച ചെയ്ത് ഇതിനായുള്ള പ്രൊപോസൽ ജയിൽ ഡയറക്ടർ ജനറൽ സമിതിക്ക് സമർപ്പിക്കേണ്ടതാണ്. (നടപടി- ജയിൽ ഡയറക്ടർ ജനറൽ)

18. ഈ നടപടികൾ അടിയന്തരമായി സ്വീകരിക്കാവുന്നതും ബഹു. കോടതിയെ അറിയിക്കാവുന്നതുമാണ്.

യോഗം 5 മണിക്ക് അവസാനിച്ചു.

File No. KPCS/8282/2025-P1 (Computer No. 206333)
Generated from eOffice by Sunil Kumar C P , P4 PRHQ KPCS, P4 PRHQ KPCS, KERALA PRISONS on 09/10/2026 04:05 PM